# ശബ്ദം

**Que.1. ശബ്ദമലിനീകരണം കൊണ്ട് വളരെയധികം ദോഷങ്ങൾ ഉണ്ടാകുന്നുവല്ലോ . ശബ്ദമലിനീകരണം കുറയ്ക്കാനുള്ള 4 മാർഗ്ഗങ്ങൾ എഴുതുക?** **[Marks :(4)]**

**Ans.** 1) ഹോൺ ടൈപ്പ് ലൗഡ് സ്പീക്കറുകൾക്ക് പകരം ബോക്സ് ടൈപ്പ് ലൗഡ് സ്പീക്കറുകൾ ഉപയോഗിക്കുക

2) ധാരാളം മരങ്ങൾ വച്ചുപിടിപ്പിക്കുക

3) വാഹനങ്ങളുടെ സൈലൻസറുകൾ ശരിയാംവിധം പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

4) രാവിലെ 6 മണിക്ക് മുമ്പും രാത്രി 10 മണിക്കുശേഷവും പൊതു സ്ഥലങ്ങളിൽ ലൗഡ് സ്പീക്കറുകൾ ഉപയോഗിക്കരുത്.

**Que.2. കാരണം എഴുതുക?** **[Marks :(2)]**

**ഗാൾട്ടൺ വിസിലിൽ നിന്നു പുറപ്പെടുവിക്കുന്ന ശബ്ദം നായ്ക്കൾക്ക് കേൾക്കാൻ കഴിയും എന്നാൽ മനുഷ്യന് കഴിയില്ല**

**Ans.** ഗാൾട്ടൺ വിസിലിൽ നിന്ന് പുറപ്പെടുന്ന ശബ്ദം ഏകദേശം 30000 Hz ആണ്. 20000 Hz നുമുകളിലുള്ള ശബ്ദം മനുഷ്യന് കേൾക്കാൻ കഴിയില്ല.

**Que.3. ശബ്ദത്തിന് വായുവിലൂടെ മാത്രമല്ല ജലത്തിലൂടെയും സഞ്ചരിക്കാൻ കഴിയും എന്നത് ഒരു പരീക്ഷണത്തിലൂടെ തെളിയിക്കുക?** **[Marks :(2)]**

**Ans.** ഒരു ബക്കറ്റിൽ നിറയെ ജലമെടുക്കുക. ജലത്തിനുള്ളിലായി ഒരു സ്റ്റീൽ പാത്രം വെച്ച് ഒരു സ്പൂൺ ഉപയോഗിച്ച് പാത്രത്തിൽ തട്ടുക. തട്ടുന്നതിന്റെ ശബ്ദം കേൾക്കുവാൻ സാധിക്കും.

**Que.4. ശബ്ദസവിശേഷതകളാണല്ലോ സ്ഥായിയും ഉച്ചതയും** **[Marks :(4)]**

**a) എന്താണ് ഇവ തമ്മിലുള്ള വ്യത്യാസം**

**b) ഇവ എന്തിനെയെല്ലാം ആശ്രയിച്ചിരിക്കും**

**c) ഉച്ചതയുടെ യൂണിറ്റ് എന്താണ്?**

**Ans.** a)- കേൾക്കുന്ന ശബ്ദത്തിന്റെ കൂർമ്മതയാണ് സ്ഥായി. ശബ്ദം ഒരാളിലുണ്ടാകുന്ന കേൾവി അനുഭവത്തിന്റെ അളവാണ് ഉച്ചത

b)- സ്ഥായി ശബ്ദത്തിന്റെ ആവൃത്തിയെ ആശ്രയിച്ചിരിക്കുന്നു. ഉച്ചത കമ്പനആയതിയേയും ചെവിയുടെഗ്രാഹ്യതയേയും ആശ്രയിച്ചിരിക്കുന്നു.

c)- ഡെസിബെൽ

**Que.5. കടലിന്റെ ആഴം അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം ഏത്? ഇതിന്റെ പ്രവർത്തനതത്വം എന്ത്?** **[Marks :(2)]**

**Ans.** കടലിന്റെ  ആഴം അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം സോണാർ. അൾട്രാസോണിക് തരംഗം ഉപയോഗപ്പെടുത്തിയാണ് ഇത് പ്രവർത്തിക്കുന്നത്

**Que.6. 10 സെക്കന്റ്സമയം കൊണ്ട് ഒരു പെന്റുലം ഉണ്ടാക്കുന്ന ദോലനങ്ങളുടെ എണ്ണം 80 ആണെങ്കിൽ ആവൃത്തി കണക്കാക്കുക** **[Marks :(3)]**

**Ans.** ആവൃത്തി = n/t

= 80/10= 8 Hz

**Que.7. ബന്നദ കണ്ടെത്തി എഴുതുക** **[Marks :(3)]**

**തരംഗദൈർഘ്യം : cm** **: ആവൃത്തി : .........a........................**

**ശബ്ദ തീവ്രത : N/m2** **: ഉച്ചത :...............b.............**

**Ans.** a)- Hz

b- ഡെസിബെൽ

**Que.8. ചുവടെ തന്നിരിക്കുന്ന ശബ്ദങ്ങളെ സ്ഥായി കൂടിയത്, സ്ഥായി കുറഞ്ഞത് എന്ന് തരം തിരിച്ച് പട്ടികപ്പെടുത്തുക.** **[Marks :(2)]**

**സിംഹത്തിന്റെ അലറൽ, സ്ത്രീശബ്ദം, പുരുഷ ശബ്ദം, കുയിൽ ശബ്ദം, താറാവിന്റെ ശബ്ദം, ചീവീടിന്റെ ശബ്ദം, ചെണ്ടയുടെ ശബ്ദം, വിസിലിന്റെ ശബ്ദം**

**Ans.**

| സ്ഥായി കൂടിയത് | സ്ഥായി കുറഞ്ഞത് |
|---|---|
| സ്ത്രീശബ്ദം<br>കുയിൽശബ്ദം<br>ചീവീടിന്റ ശബ്ദം<br>വിസിലിന്റെ  ശബ്ദം | സിംഹത്തിന്റെ അലറൽ<br>പുരുഷ ശബ്ദം<br>താറാവിന്റെ  ശബ്ദം<br>ചെണ്ടയുടെ ശബ്ദം |

**Que.9. ഒരു ഡെസ്കിൽ പെൻസിൽ കൊണ്ട് തട്ടിയപ്പോൾ ഡെസ്ക് പുറപ്പെടുവിച്ച ശബ്ദത്തിന്റെ ആവൃത്തി 256Hz ആണെങ്കിൽ ഡെസ്കിന്റെ  സ്വാഭാവിക ആവൃത്തി എത്രയായിരിക്കും? എന്താണ് സ്വാഭാവിക ആവൃത്തി എന്ന് വിശദമാക്കുക?** **[Marks :(4)]** **സ്വാഭാവിക ആവൃത്തിയെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏവ?**

**Ans.** ഡെസ്കിന്റെ സ്വാഭാവിക ആവൃത്തി - 256Hz

ഒരു വസ്തുവിനെ സ്വതന്ത്രമായി കമ്പനം ചെയ്യിച്ചാൽ അത് അതിന്റേതായ ഒരു പ്രത്യേക ആവൃത്തിയിൽ കമ്പനം ചെയ്യുന്നു ഈ ആവൃത്തിയെ ആ വസ്തുവിന്റെ സ്വാഭാവിക ആവൃത്തി എന്ന് പറയുന്നു.

സ്വാഭാവിക ആവൃത്തിയെ സ്വാധീനിക്കുന്ന ഘടകങ്ങൾ

- പദാർത്ഥത്തിന്റെ സ്വഭാവം

നീളം

ഛേദതല വിസ്തീർണ്ണം

പ്രതലപരപ്പളവ്

വലിവ്

**Que.10. ശബ്ദമലിനീകരണം ഉണ്ടാകുന്നതിനുള്ള പ്രധാനകാരണങ്ങൾ എന്തെല്ലാം ?** **[Marks :(2)]**

**Ans.** എയർഹോണുകൾ, ലൗഡ്സ്പീക്കർ, വാഹനങ്ങളുടെ ഹോൺ എന്നിവയുടെ ഉപയോഗം മുതലായ കാരണങ്ങൾ

**Que.11. ചുവടെ തന്നിരിക്കുന്നവയെ മനുഷ്യനിർമ്മിത ശബ്ദ സ്രോതസ്സുകൾ, പ്രകൃത്യാലുള്ള ശബ്ദസ്രോതസ്സുകൾ എന്ന് തരംതിരിച്ചെഴുതുക** **[Marks :(4)]**

**ചെണ്ട, വെള്ളച്ചാട്ടം, ഓടക്കുഴൽ, വയലിൻ, സ്വനപേടകം, ഇടിമിന്നൽ, കാറ്റ്, വാഹനങ്ങളുടെ ഹോൺ, മഴ**

**Ans.**

| മനുഷ്യനിർമ്മിത ശബ്ദസ്രോതസ്സുകൾ | പ്രകൃത്യാലുള്ള ശബ്ദ സ്രോതസ്സുകൾ |
|---|---|
| ചെണ്ട<br>ഓടക്കുഴൽ<br>വയലിൻ<br>വാഹനങ്ങളുടെ ഹോൺ | വെള്ളച്ചാട്ടം<br>സ്വനപേടകം<br>ഇടിമിന്നൽ<br>കാറ്റ്<br>മഴ |

**Que.12. ശബ്ദപ്രതിപതനം അടിസ്ഥാനമാക്കി ഇരപിടിക്കുന്ന ജീവിയാണ് വവ്വാലുകൾ.** **[Marks :(2)]**

**ഈ തത്വം ഉപയോഗപ്പെടുത്തി രാത്രി സമയങ്ങളിൽ വവ്വാലുകൾ. ഇരപിടിക്കുന്നെങ്ങനെയെന്ന് വിശദമാക്കുക**

**Ans.** വവ്വാലുകൾ അൾട്രാസോണിക് ശബ്ദം പുറപ്പെടുവിക്കുന്നു. ഈ ശബ്ദം സഞ്ചാരപാതയിലുള്ള തടസങ്ങളിൽ തട്ടി പ്രതിഫലിക്കുന്നു. ഇങ്ങനെ തിരിച്ചുവരുന്ന ശബ്ദത്തെ സ്വീകരിച്ചാണ് വവ്വാലുകൾ ഇരപിടിക്കുന്നത്.